**ജില്ലാ കളക്ടർ& ചെയർമാൻ ഡി ഡി എം എയുടെ നടപടിക്രമം**

**(സാന്നിദ്ധ്യം. Dr. അദീല അബ്ദുള്ള ഐ എ എസ്)**

വിഷയം. കോവിഡ് 19 – വ്യാപനം തടയുന്നത്-~~വള്ളിയൂർക്കാവ് ഉത്സവം~~- സംബന്ധിച്ച്

**ഡിഎം 1. 2909 /2020, തീയ്യതി 14/03 /2020**

ഇന്ത്യയിൽ 83 ആളുകൾക്ക് ഇതുവരെ കൊറോണ സ്ഥിരീകരിച്ചിട്ടുള്ളതും, രണ്ട് ആളുകൾക്ക് മരണം സംഭവിച്ചിട്ടുള്ളതുമായ സാഹചര്യത്തിൽ , കൊവിഡ് -19 രോഗബാധയെ പ്രതിരോധിക്കുന്നതിന് കർശന നടപടികൾ എടുക്കേണ്ടത് അത്യാവശ്യമാണ്.

ഈ സാഹചര്യത്തിൽ വയനാട് ജില്ലയിൽ നടക്കുന്ന വിവാഹങ്ങൾ, ഗൃഹപ്രവേശം, മറ്റ് ചടങ്ങുകൾ, എന്നിവക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി , ദുരന്ത നിവാരണ ആക്റ്റ് 2005 ,ലെ 34 (m) വകുപ്പ് പ്രകാരം താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) വയനാട് ജില്ലയിൽ നടക്കുന്ന വിവാഹങ്ങൾ, ഗൃഹപ്രവേശം, മറ്റ് ചടങ്ങുകൾ എന്നിവ മാറ്റിവെക്കാൻ പരമാവധി ശ്രമിക്കേണ്ടതാണ്.

2) മാറ്റി വെക്കാൻ സാധിക്കാത്ത വിവാഹം , ഗൃഹപ്രവേശം എന്നിവ ചടങ്ങുകളായി മാത്രം നടത്തേണ്ടതും, ഒരു കാരണവശാലും 70 ൽ അധികം ആളുകളെ പങ്കെടുപ്പിക്കാൻ പാടില്ലാത്തതുമാണ്.

3) വിവാഹങ്ങൾ, ഗൃഹപ്രവേശം, മറ്റ് ചടങ്ങുകൾ നടത്തുന്നവർ ജില്ലാ അടിയന്തിര കാര്യനിർവഹണ കേന്ദ്രത്തിലെ 1077, 04936 204151 എന്നീ നമ്പറുകളിൽ ബന്ധപ്പെടേണ്ടതും മുൻകൂർ അനുമതി വാങ്ങേണ്ടതുമാണ്.

4) ഇത്തരത്തിൽ ചടങ്ങുകൾ നടക്കുന്നയിടത്തെ വ്യക്തികൾ ആരോഗ്യവകുപ്പ് നല്കുന്ന നിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണ്.

4) വിവാഹം , ഗൃഹപ്രവേശം എന്നിവിടങ്ങളിൽ സന്ദർശകരുടെ പേര് , വിലാസം, ഫോൺ നം എന്നീ വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപെടുത്തേണ്ടതും, രജിസ്റ്റർ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരെ ഏൽപ്പിക്കേണ്ടതുമാണ് .

5) ഇത്തരത്തിൽ വിവാഹം നടക്കുന്നയിടത്ത്, വില്ലേജ് ,പഞ്ചായത്ത്,, പോലിസ് വകുപ്പ് എന്നിവർ ആവശ്യമായ നിരീക്ഷണം നടത്തേണ്ടതാണ്.

ജില്ലാ പോലിസ് മേധാവി ,ഡെ.ഡയരക്ടർ ഓഫ് പഞ്ചായത്ത് , തഹസിൽദാർമാർ എന്നിവർ ഈ ഉത്തരവ് നടപ്പിലാക്കുന്നുവെന്ന് കർശനമായി ഉറപ്പ് വരുത്തേണ്ടതാണ്.

14/3/2020

ജില്ലാ കലക്ടർ & ചെയർമാൻ ദുരന്തനിവാരണ അതോറിറ്റി
വയനാട്

14/3/2020

പകർപ്പ്
ജില്ലാ മെഡിക്കൽ ഓഫിസർ
ജില്ലാ പോലിസ് മേധാവി
ഡെ ഡയറക്ടർ , പഞ്ചായത്ത്
തഹസിൽദാർ (മാനന്തവാടി , വൈത്തിരി, ബത്തേരി)